# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

**Email: cohagmet@kau.in & kauagmet@yahoo.co.in**


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 35/2019(70), വെള്ളിയാഴ്ച — തീയ്യതി 30.08.2019

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 31.08.2019 | 1.09.2019 | 02.09.2019 | 03.09.2019 | 04.09.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 10 | 15 | 20 | 10 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 14 | 12 | 10 | 14 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 290 | 290 |
| മേഘവ്യാപ്തി (ഒക്ടസ്) | 7 | 7 | 8 | 8 | 7 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക. | | |
| നെല്ല് (വിരിപ്പ്) കതിരുവന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചൽ | മഴക്കാലത്ത്, നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരാതെ നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും, 20ഗ്രാം സ്യുഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| വാഴ- കുലയ്ക്കുന്ന പരുവം | എർവിനിയ റോട്ട് | മഴക്കാലത്ത്, വാഴയിൽ എർവിനിയ റോട്ട് രോഗം കാണാനിടയുണ്ട്. വാഴത്തോട്ടങ്ങളിൽ നീർവാർച്ച സൗകര്യം മെച്ചപ്പെടുത്തുക. വാഴത്തടത്തിൽ കുമ്മായം ഇടുന്നതും, നീർച്ചാലുകളിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുന്നതും നല്ലതാണ്. 20 ഗ്രാം സ്യൂഡോമോണാസ് ഫ്ളൂറസൻസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കുന്നത് രോഗപ്രതിരോധശേഷി വർധിപ്പിക്കും. രോഗം ബാധിച്ചാൽ 5 ഗ്രാം ബ്ലീച്ചിങ്ങ് പൗഡർ അല്ലെങ്കിൽ 3 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 2 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തയ്യാറാക്കിയ ലായനി മണ്ണ് കുതിരത്തക്ക വണ്ണം, വാഴയ്ക്ക് ചുറ്റും ഒഴിക്കണം. രോഗം രൂക്ഷമായ വാഴകൾ വെട്ടിമാറ്റി നശിപ്പിക്കുകയും, ആ കുഴിയിൽ കുമ്മായം അല്ലെങ്കിൽ ബ്ലീച്ചിങ്ങ് പൗഡർ ഇടുകയും ചെയ്യുക. |
| ഇഞ്ചി, മഞ്ഞൾ | മൂടുചീയൽ | മഴപെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചി, മഞ്ഞൾ എന്നിവയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ, രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഒഴിക്കുക. |
| പച്ചക്കറികൾ | കരിവള്ളിക്കേട് | മഴക്കാലത്ത് പച്ചക്കറികളിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% ബോർഡോമിശ്രിതം കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | • തൊഴുത്തിലും പരിസര പ്രദേശങ്ങളിലും വെള്ളം കെട്ടിനിൽക്കുന്നതും, മലിനജലം കെട്ടി നിൽക്കുന്നതും, കൊതുക്, ഈച്ച എന്നിവ പെരുകുന്നതും ഒഴിവാക്കണം. (CAADECCS, KVASU മണ്ണുത്തി) | |